കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IX**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും**
**ഭവന നിർമ്മാണവും)**

# 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരമുള്ളത്

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

# 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്)

929/2021.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## (2021 -2023)

## ഘടന

ചെയർമാൻ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. കെ. രാജൻ, (എക്സ്-ഒഫീഷ്യോ അംഗം)
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ, (എക്സ്-ഒഫീഷ്യോ അംഗം)
കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2020 മാർച്ച് 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2021 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2021 ജൂൺ 30.

# റിപ്പോർട്ട്

<u>ഭാഗം - I</u>

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാം മത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും.

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

<u>ശിപാർശ</u>

2216-80-101-99—(നിർമ്മിതി കേന്ദ്രങ്ങൾ)

നിർമ്മിതി കേന്ദ്രത്തിന് കീഴിൽ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാസർഗോഡ്, തൃശ്ശൂർ ജില്ലകളിൽ പുതിയ കലവറ ആരംഭിക്കുന്നതിനും കെസ്നിക്കിന്റെ ക്യാമ്പസ് നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2216-80-101-99 ശീർഷകത്തിൽ വിവിധ പദ്ധതികൾക്ക് വകയിരുത്തിയ 710 ലക്ഷം രൂപയിൽ 242 ലക്ഷം രൂപയുടെ 3 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, ആയത് പ്രകാരം തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2216-80-101-99 ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ള 2 പദ്ധതികളുടെ ഭരണാനുമതി പ്രൊപ്പോസലുകൾ ട്രെയിനിംഗ് പദ്ധതികളായതിനാൽ വർക്കിംഗ് ഗ്രൂപ്പ് യോഗം നിരാകരിക്കുകയുണ്ടായി. മറ്റ് 2 പദ്ധതികളുടെ പ്രൊപ്പോസലുകൾ സ്ഥാപനം സമർപ്പിച്ചിട്ടില്ല.

സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ മുൻ വർഷത്തെ യഥാർത്ഥ ചെലവുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പര്യാപ്തമായ ബഡ്ജറ്റ് വിഹിതമാണ് 2020-21 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 2216-80-101-99 ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 710 ലക്ഷം രൂപ സംസ്ഥാന നിർമ്മിതികേന്ദ്രം ഇതുവരെ വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിച്ച് നിർവ്വഹണം നടത്തി

ബഡ്ജറ്റിലെ പദ്ധതികൾക്ക് ടി വിഹിതത്തിൽ നിന്നും ചെലവ് വരുത്താവുന്നതാണ്. നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ച ശേഷം അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ആയത് പരിഗണിക്കുന്നതാണ് എന്നു കൂടി സമിതിയെ അറിയിക്കുന്നു.

(സർക്കാർ കത്ത് നമ്പർ HSG-A3/29/2020/HSG, തീയതി 18-11-2020)

ശിപാർശ

2216-80-103-99-(01)

(01)36—(സഹായധനം) - ശമ്പളേതരം

ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 6)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 2216-80-103-99-(01)-36-NV ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 0.8565 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. തുക പൂർണ്ണമായും ചെലവഴിച്ചതിനു ശേഷം ബോർഡ് ഇപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സമിതി ശിപാർശ ചെയ്ത 1.1435 കോടി രൂപ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ഈ ശീർഷകത്തിൽ അധികമായി ഉചിത മാർഗ്ഗേന അനുവദിക്കാവുന്നതാണ്.

(സർക്കാർ കത്ത് നമ്പർ HSG-A3/29/2020-HSG, തീയതി 21-4-2021)

ശിപാർശ

4216-80-201-98—(ഉദ്യോഗസ്ഥകളുടെ പാർപ്പിടം 60% കേന്ദ്ര വിഹിതം)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ7)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 4216-80-201-98-PV ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 5.63 കോടി രൂപ (ഗാന്ധിനഗർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് വേണ്ടി അനുവദിച്ചത്) റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ടി തുക ചിലവഴിച്ചതിനു ശേഷം അധിക തുക ആവശ്യംവരുന്ന സാഹചര്യത്തിൽ ഉചിത മാർഗ്ഗേന അനുവദിക്കാവുന്നതാണ്.

(സർക്കാർ കത്ത് നമ്പർ HSG-B2/40/2020-HSG, തീയതി 21-4-2021)

ശിപാർശ

4216-80-201-96 —(കടകംപള്ളി റവന്യൂ ടവർ പദ്ധതി)

കടകംപള്ളി റവന്യൂ ടവർ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതായി സമിതി നിരീക്ഷിച്ചു. നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം 4216-80-201-96-PV ശീർഷകത്തിൽ G.O.(Rt.) No.4033/2020-Fin dated 2-7-2020, G.O.(Rt.) No.5913/2020-Fin., dated 14-10-2020 എന്നീ ഉത്തരവുകൾ പ്രകാരം 2 കോടി രൂപ അധിക ധനാനുമതിയിലൂടെ അനുവദിക്കുകയും, 11-8-2020-ലെ സ.ഉ.(സാധാ) നമ്പർ 25/2020 ഭവനം, 19-11-2020-ലെ 44/2020/ഭവനം നമ്പർ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കടകംപള്ളി റവന്യൂ ടവർ പദ്ധതിയ്ക്ക് 1 കോടി രൂപ വീതം റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ടി പദ്ധതിയ്ക്ക് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

<u>ഭാഗം - II</u>

**2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം മത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ**

| ധനാഭ്യർത്ഥന | വകുപ്പ് | ശിപാർശകൾ/ ഖണ്ഡികകൾ |
|---|---|---|
| XXI | ഭവന നിർമ്മാണം | 1, 2, 3, 4, 9 |
| XXII | നഗരവികസനം | 10 മുതൽ 25 വരെ |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 26 മുതൽ 35 വരെ |
| XXXV | പഞ്ചായത്ത് | 36 മുതൽ 43 വരെ |
| XXXVI | ഗ്രാമവികസനം | 44 മുതൽ 52 വരെ |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളന കാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്, ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശിപാർശകൾ സംബന്ധിച്ച വിവരം (ഭാഗം II) ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളന കാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2021 ജൂൺ 30.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*